കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി
KERALA STATE LITERACY MISSION AUTHORITY
(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)
T.C. No.27/1461 Convent Road, Kammattam Lane, Vanchiyoor, Thiruvananthapuram-35
Phone: 0471-2472253, 2472254, Fax : 0471-2462252, E-mail: stateliteracymission@gmail.com

തീയതി: 1702.2018

## ജയിൽ ജ്യോതി: ആദ്യ സാക്ഷരതാ പരീക്ഷയ്ക്ക് മികച്ച പ്രതികരണം

# സംസ്ഥാനത്തെ ജയിലുകളിൽ 297 പേർ സാക്ഷരതാ പരീക്ഷയെഴുതി

തിരുവനന്തപുരം: നിരക്ഷരരില്ലാത്ത ജയിൽ എന്ന ലക്ഷ്യത്തോടെ സംസ്ഥാന സാക്ഷരതാമിഷൻ നടപ്പിലാക്കുന്ന 'ജയിൽ ജ്യോതി' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ ജയിലുകളിലായി 297 പേർ പരീക്ഷയെഴുതി. തിരുവനന്തപുരം ജില്ലയിലാണ് ഏറ്റവും കൂടുതൽ പേർ പരീക്ഷയെഴുതിയത് – 121 പേർ. ഇതിൽ ഏഴുപേർ സ്ത്രീകളാണ്. തിരുവനന്തപുരം പൂജപ്പുര സെൻട്രൽ ജയിലിൽ 59, വനിതാജയിലിൽ 7, സ്പെഷ്യൽ ജയിലിൽ 30, ജില്ലാ ജയിലിൽ 25 എന്നിങ്ങനെയാണ് പരീക്ഷയെഴുതിയവരുടെ എണ്ണം.തിരുവനന്തപുരം കൂടാതെ സ്ത്രീ തടവുകാർ പരീക്ഷയെഴുതിയത് എറണാകുളം ജില്ലയിലാണ്. ഇവിടെ മൊത്തം പരീക്ഷയെഴുതിയ 9 പേരിൽ രണ്ടുപേർ സ്ത്രീകളാണ്. പൂജപ്പുര സെൻട്രൽ ജയിലിൽ പരീക്ഷയെഴുതിയ തടവുകാരിൽ രണ്ടുപേർ ബിഹാർ സ്വദേശികളാണ്. ജയിൽ ജ്യോതി പദ്ധതിയുടെ ഭാഗമായി ആദ്യ സാക്ഷരതാപരീക്ഷയാണ് സംസ്ഥാനത്തെ വിവിധ ജയിലുകളിലായി നടന്നത്.

സംസ്ഥാനത്ത് മറ്റു ജില്ലകളിലെ ജയിലുകളിൽ പരീക്ഷയെഴുതിയവരുടെ എണ്ണം ബ്രാക്കറ്റിൽ: കോട്ടയം (13), തൃശൂർ (25), പാലക്കാട് (29), മലപ്പുറം (30), കണ്ണൂർ (15), കാസർകോട് (33), വയനാട് (22).

വായന, എഴുത്ത്, കണക്ക് എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളെ ആസ്പദമാക്കി മൊത്തം 100 മാർക്കിനായിരുന്നു പരീക്ഷ. 30 മാർക്കാണ് വിജയിക്കാൻ വേണ്ടത്. വായനയ്ക്ക് 30 മാർക്കിൽ ഒമ്പത്, എഴുത്തിന് 40 മാർക്കിൽ 12, കണക്കിന് 30 മാർക്കിൽ 9 എന്നിങ്ങനെയാണ് പാസ് മാർക്ക്.

പൂജപ്പുര സെൻട്രൽ ജയിലിൽ നടന്ന പരീക്ഷ ദക്ഷിണമേഖല ജയിൽ ഡി.ഐജി ബി.പ്രദീപ് ഏറ്റവും പ്രായം കൂടിയ പഠിതാവായ ചന്ദ്രന് (75) ചോദ്യപേപ്പർ നൽകി ഉദ്ഘാടനം ചെയ്തു. സാക്ഷരതാമിഷൻ അസി.ഡയറക്ടർ ഡോ.ജെ.വിജയമ്മ അധ്യക്ഷത വഹിച്ചു.ജയിൽ സൂപ്രണ്ട് എസ്.സന്തോഷ്, വെൽഫയർ ഓഫീസർ വി.എസ്.സുമന്ത്, സാക്ഷരതാമിഷൻ പോഗ്രാം ഓഫീസർ രഞ്ചി, തിരുവനന്തപുരം ജില്ലാ കോർഡിനേറ്റർ പ്രശാന്ത്കുമാർ, അസി.കോർഡിനേറ്റർ രമേഷ്കുമാർ തുടങ്ങിയവർ പങ്കെടുത്തു.

സംസ്ഥാന സാക്ഷരതാമിഷനും ജയിൽ വകുപ്പും സംയുക്തമായാണ് പദ്ധതി നാടപ്പാക്കുന്നത്.

ജയിൽ ചട്ടങ്ങളിൽ കേരള പ്രിസൺസ് ആൻഡ് കറക്ഷനൽ സർവീസസ് ചട്ടം 258(7) പ്രകാരം നിരക്ഷരരായ എല്ലാ അന്തേവാസികളെയും എഴുതാനും വായിക്കാനും പഠിപ്പിക്കണമെന്നു നിഷ്കർഷിച്ചിട്ടുണ്ട്. ഇതിൻ പ്രകാരമാണ് സംസ്ഥാനത്തെ ജയിലുകളിൽ പദ്ധതി നടപ്പാക്കുന്നത്.

'ജയിൽ ജ്യോതി' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ ജയിലുകളിലായി നേരത്തെ 60 പേർ നാലാംതരം തുല്യതാപരീക്ഷയെഴുതിയിരുന്നു.

**പബ്ലിക് റിലേഷൻസ് ഓഫീസർ**